**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 206** **29-01-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ത്വക്ക് രോഗാശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് അവയവമാറ്റ ആശുപത്രി സ്ഥാപിക്കുന്നതിന്റെ ഭാഗമായി നിലവിലെ ത്വക്ക് രോഗാശുപത്രിയുടെ പ്രവർത്തനത്തിനു എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | കോഴിക്കോട് ചേവായൂരിൽ സ്ഥിതിചെയ്യുന്ന ത്വക്ക് രോഗാശുപത്രി ഉൾപ്പെടുന്ന 25 ഏക്കർ 26.25 സെന്റ് സ്ഥലത്തിൽ നിന്നും 20 ഏക്കർ സ്ഥലം ആണ് പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് എന്ന സ്ഥാപനത്തിനായി നൽകാൻ തീരുമാനം എടുത്തിട്ടുണ്ട്. നിലവിലുള്ള ത്വക്ക് രോഗാശുപത്രിയുടെ പ്രവർത്തനം അവിടെ നിന്ന് മാറ്റാതെയും സേവനങ്ങൾ തടസ്സപ്പെടാതെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ത്വക്ക് രോഗാശുപത്രിയ്ക്ക് കൂടി ആധുനിക കെട്ടിടം പണിത് നൽകുന്ന രീതിയിൽ ആണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നത്. പ്രസ്തുത ആശുപത്രിയുമായി ബന്ധപ്പെട്ട് കഴിഞ്ഞു വരുന്ന അന്തേവാസികളെ അതെ സ്ഥലത്തു തന്നെ പുനരധിവസിപ്പിച്ചു കൊണ്ടായിരിക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുക. ത്വക്ക് രോഗാശുപത്രിയുടെ കോമ്പൗണ്ടിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഉദയം പദ്ധതിയുടെ ഗുണഭോക്താക്കൾക്കും നിലവിലുള്ള സേവനങ്ങൾക്ക് തടസ്സം ഉണ്ടാകാത്ത വിധത്തിൽ ആണ് നിർമ്മാണ പ്രവൃത്തികൾ ക്രമപ്പെടുത്തുക. |
| (ബി) | ത്വക്ക് രോഗാശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 206

29.01.2024 ൽ മറുപടിയ്ക്ക്

**കോഴിക്കോട് ത്വക്ക് രോഗാശുപത്രി**

| ചോദ്യം<br><br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് അവയവമാറ്റ ആശുപത്രി സ്ഥാപിക്കുന്നതിന്റെ ഭാഗമായി നിലവിലെ ത്വക്ക് രോഗാശുപത്രിയുടെ പ്രവർത്തനത്തിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | കോഴിക്കോട് ചേവായൂരിൽ സ്ഥിതിചെയ്യുന്ന ത്വക്ക് രോഗാശുപത്രി ഉൾപ്പെടുന്ന 25 ഏക്കർ 26.25 സെന്റ് സ്ഥലത്തിൽ നിന്നും 20 ഏക്കർ സ്ഥലം ആണ് പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് എന്ന സ്ഥാപനത്തിനായി നൽകാൻ തീരുമാനം എടുത്തിട്ടുണ്ട്. നിലവിലുള്ള ത്വക്ക് രോഗാശുപത്രിയുടെ പ്രവർത്തനം അവിടെ നിന്ന് മാറ്റാതെയും സേവനങ്ങൾ തടസ്സപ്പെടാതെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ത്വക്ക് രോഗാശുപത്രിയ്ക്ക് കൂടി ആധുനിക കെട്ടിടം പണിത് നൽകുന്ന രീതിയിൽ ആണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നത്. പ്രസ്തുത ആശുപത്രിയുമായി ബന്ധപ്പെട്ട് കഴിഞ്ഞു വരുന്ന അന്തേവാസികളെ അതെ സ്ഥലത്തു തന്നെ പുനരധിവസിപ്പിച്ചു കൊണ്ടായിരിക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുക. ത്വക്ക് രോഗാശുപത്രിയുടെ കോമ്പൗണ്ടിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഉദയം പദ്ധതിയുടെ ഗുണഭോക്താക്കൾക്കും നിലവിലുള്ള സേവനങ്ങൾക്ക് തടസ്സം ഉണ്ടാകാത്ത വിധത്തിൽ ആണ് നിർമ്മാണ പ്രവൃത്തികൾ ക്രമപ്പെടുത്തുക. |
| (ബി) | ത്വക്ക് രോഗാശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |

Sheila.m

സെക്ഷൻ ഓഫീസർ